

# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ



## 13. ജോർജ്ജ് ലൂക്കാച്ച്

# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


13 ജോർജ്ജ് ലൂക്കാച്ച് . . . . . . . . . . . . . . . . . . . . . . 1

1 ധാർമ്മികചോദന . . . . . . . . . . . 2

2 കൂടുതൽ പഠിക്കുന്നു . . . . . . . . . . 3

3 ‘ചരിത്രവും വർഗ്ഗബോധവും’ . . . . . 4

4 ഉജ്ജ്വലമായ ഉൾക്കാഴ്ച . . . . . . . . . 5

5 വിമർശനവിധേയനാവുന്നു . . . . . . . 6

6 സ്റ്റാലിനീകരണത്തിന്റെ കാലഘട്ടം . 7

7 ഇളകാത്ത മൗലികവീക്ഷണം . . . . 8

8 പുതിയ ചുറ്റുപാടിൽ . . . . . . . . . . . 9

9 ലക്ഷ്യങ്ങളുടെ സ്വഭാവം . . . . . . . . 10

## 13

# ജോർജ്ജ് ലൂക്കാച്ച്

1971 ജൂൺ 5-ന് തന്റെ ജന്മസ്ഥലമായ ബുഡാപെസ്റ്റിൽ വച്ച് 86-ാമത്തെ വയസ്സിൽ ജോർജ്ജ് ലൂക്കാച്ച് അന്തരിച്ചതോടെ ധീഷണലോകത്തിനു നഷ്ടപ്പെട്ടത് ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ വെല്ലുവിളികളുയർത്തിയ മാർക്സിസ്റ്റ് ചിന്തകന്മാരിൽ ഒരാളും ഉത്തിഷ്ഠമാനനായ ഒരു സാഹിത്യനിരൂപകനും മനുഷ്യസ്വാതന്ത്ര്യത്തിന്റെ ഒരു തീവ്രസ്നേഹിയുമാണ്. വരട്ടുതത്വവാദികളാലും അവസരവാദികളാലും അപവദിക്കപ്പെട്ടും കമ്മ്യൂണിസ്റ്റുകാരും കമ്മ്യൂണിസ്റ്റ്കാരല്ലാത്തവരുമായ ബുദ്ധിജീവികളാൽ സ്നേഹിക്കപ്പെട്ടും ആരാധിക്കപ്പെട്ടും തന്റെ ജീവകാലം മുഴുവൻ സ്വന്തം വിപ്ലവലക്ഷ്യങ്ങളോടു കൂറുപുലർത്തിയ അദ്ദേഹം തത്വചിന്തയിലും സാഹിത്യനിരൂപണത്തിലും രാഷ്ട്രമീമാംസയിലും സാമൂഹ്യശാസ്ത്രത്തിലുമെല്ലാം ചിന്തയുടെ സമൃദ്ധവും വൈവിധ്യമേറിയതുമായ ഒരു പുതിയ സരണി അദ്ദേഹത്തിന്റെ ഒസ്യത്തായി ലഭിച്ചിട്ടുണ്ട്.

ബുഡാപെസ്റ്റിലെ സമ്പന്നനായ ഒരു ബാങ്കുടമസ്ഥന്റെ മകനായി 1886-ൽ ജനിച്ച അദ്ദേഹം തന്റെ കുട്ടിക്കാലത്തു ഐശ്വര്യപൂർണ്ണമായ ജീവിതത്തിന്റെ എല്ലാ സുഖസൗകര്യങ്ങളും അനുഭവിച്ചു. പ്രാഥമിക സ്കൂളിലേയും ഹൈസ്കൂളിലേയും വിദ്യാഭ്യാസം ബുഡാപെസ്റ്റിൽ വെച്ചു പൂർത്തിയാക്കിയശേഷം അദ്ദേഹം ഉന്നതവിദ്യാഭ്യാസത്തിനായി ജർമ്മനിയിലേക്ക് പോകുകയും സിമ്മൽ, മാർക്സ്, വെബർ തുടങ്ങിയ പ്രശസ്തരായ അദ്ധ്യാപകരുടെ കീഴിൽ ബർലിൻ, ഹിഡൽബർഗ് എന്നീ സർവ്വകലാശാലകളിൽ പഠിക്കുകയും ചെയ്തു. മാർക്സിലേക്കുള്ള പാതയിലേക്കു തന്നെ നയിച്ച ആദ്യകാലത്തെ ബുദ്ധിപരമായ വികാസത്തെ അദ്ദേഹംതന്നെ ഇങ്ങിനെ വിവരിക്കുന്നു. ‘സ്കൂളിൽ പഠിക്കുമ്പോഴാണ് ഞാൻ ആദ്യമായി മാർക്സിന്റെ ഗ്രന്ഥങ്ങൾ വായിച്ചത്. പിന്നീട് 1908 നോടടുത്തുള്ള ആധുനിക നാടകത്തെ പറ്റിയുള്ള എന്റെ പ്രബന്ധത്തിന് സാമൂഹ്യശാസ്ത്രപരമായ അടിസ്ഥാനം നൽകാൻവേണ്ടി മൂലധനം ഞാൻ വായിച്ചു. ആ കാലത്തു സാമൂഹ്യശാസ്ത്രജ്ഞനായ മാർക്സാണ് എന്നെ ആകർഷിച്ചത്. സിമ്മലും, മാർക്സ് വെബറും നിറം പുരട്ടിയ കണ്ണടയിലൂടെയാണ് ഞാൻ അദ്ദേഹത്തെ കണ്ടത്. ഒന്നാം ലോക മഹായുദ്ധകാലത്തു ഞാൻ മാർക്സിനെക്കുറിച്ചുള്ള പഠനം പുനരാരംഭിച്ചു. പക്ഷേ, ഇപ്രാവശ്യം ഇതിലേയ്ക്ക് എന്നെ നയിച്ചത് എന്റെ പൊതുവായ തത്വചിന്താതാൽപര്യങ്ങളായിരുന്നു. സമകാലികരായ ചിന്തകന്മാരെക്കാൾ ഏറെ ഹെഗലായിരുന്നു ഈ കാര്യത്തിൽ എന്നെ സ്വാധീനിച്ചത്. പക്ഷേ ഒന്നുണ്ട്, എന്റെ മേൽ ഹെഗലിന്നുണ്ടായിരുന്ന സ്വാധീനം തന്നെ അതീവസന്നിദ്ധമായിരുന്നു. എന്തെന്നാൽ ഒരു വശത്തു കീർക്കെഗാദ് എന്റെ ആദ്യകാലവളർച്ചയിൽ സുപ്രധാനമായ പങ്കു വഹിച്ചിരുന്നു. യുദ്ധത്തിനു തൊട്ടുമുമ്പുള്ള വർഷങ്ങളിൽ ഹിഡൽബർഗ്ഗിൽ വച്ചു ഹെഗലിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിമർശനത്തെപ്പറ്റി ഒരു പ്രബന്ധമെഴുതാൻ ഞാൻ പദ്ധതിയിട്ടിരുന്നു. മറുവശത്ത് എന്റെ സാമൂഹ്യവും രാഷ്ട്രീയവുമായ വീക്ഷണങ്ങളിലുണ്ടായ വൈരുദ്ധ്യങ്ങൾ എന്നെ സിൻഡിക്കലിസമായും എല്ലാറ്റിനുമുപരി ജോർജ്ജ് സൊറലിന്റെ തത്വചിന്തയുമായും സമ്പർക്കത്തിൽകൊണ്ടെത്തിച്ചു. ബൂർഷ്വാതീവ്രവാദത്തിനപ്പുറം കടക്കാൻ ഞാൻ കിണഞ്ഞു ശ്രമിച്ചുവെങ്കിലും സാമൂഹ്യജനാധിപത്യസിദ്ധാന്തം (പ്രത്യേകിച്ചും കൗടസ്കി നൽകിയ അതിന്റെ വ്യാഖ്യാനം) എന്നിൽ വിപ്രതിപത്തിയാണ് ഉണ്ടാക്കിയത്. സൊറലിനോടുണ്ടായ എന്റെ താൽപര്യം ഉണർത്തിയതു സോഷ്യൽ ഡെമോക്രസിയിലെ ഹംഗേറിയൻ ഇടതുചേരി പ്രതിപക്ഷത്തിന്റെ ആത്മീയഉപദേഷ്ടാവായിരുന്ന ഇർവ്വിൻ ഷാബോവാണ്. യുദ്ധകാലത്തു ഞാൻ റോസാ ലുക്സംബർഗ്ഗിന്റെ കൃതികളുമായി ബന്ധപ്പെട്ടു. യുദ്ധകാലത്ത് അതിന്നുശേഷമുള്ള കുറച്ചുവർഷങ്ങളിലും എന്റെ ചിന്തയെ സംബന്ധിച്ചേടത്തോളം നിർണ്ണായകമായിത്തീർന്ന വളരെയധികം വൈരുദ്ധ്യനിഷ്ഠമായ സിദ്ധാന്തസംയോഗം ഇതെല്ലാം കൂടി സൃഷ്ടിച്ചു”.

# 1 ധാർമ്മികചോദന

വൈരുദ്ധ്യനിഷ്ഠമായ ഈ സിദ്ധാന്തസംയോഗത്തിനാധാരമായി മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യുന്നതിനോടുള്ള വെറുപ്പ് കിടപ്പുണ്ടായിരുന്നു. ഈ ധാർമ്മികചോദനയാണ് അദ്ദേഹത്തെ മുതലാളിത്തത്തിനെതിരായ കലാപത്തിലേക്കു തള്ളിവിട്ടത്. അദ്ദേഹമെഴുതി: “തൊഴിലാളികളിലും പെറ്റിബൂർഷ്വാ ബുദ്ധിജീവികളിലും ഞാൻ പലപ്പോഴും കണ്ടിട്ടുള്ള ഒരു തെറ്റിന് ഞാൻ ഒരിക്കലും വഴങ്ങിക്കൊടുത്തിട്ടില്ല. അവർക്കു മുതലാളിത്തത്തോടുള്ള ഭയഭക്തിബഹുമാനങ്ങളിൽ നിന്ന് എന്തൊക്കെയായാലും, പൂർണ്ണമായി സ്വയം മോചിപ്പിക്കാനൊരിക്കലും കഴിഞ്ഞില്ലെന്നതാണ് ആ തെറ്റ്. മുതലാളിത്തവ്യവസ്ഥിതിയിലെ ജീവിതത്തോടു കുട്ടിക്കാലം മുതൽക്കുതന്നെ എനിക്കു തോന്നിയിരുന്ന വെറുപ്പും അവജ്ഞയുമാണ് എന്നെ ഇതിൽ നിന്നു കാത്തുരക്ഷിച്ചത്”.

യുദ്ധവും യുദ്ധശേഷമുള്ള ആദ്യവർഷങ്ങളും മുതലാളിത്തകൊളോണിയൽ സംവിധാനങ്ങളിൽ അഗാധമായ ഒരു പ്രതിസന്ധി സൃഷ്ടിക്കുകയും ലോകമാസകലം വിപ്ലവാവേശത്തിന്റെ കെട്ടഴിച്ചുവിടുകയും ചെയ്തു. ലെനിന്റെ നേതൃത്വത്തിൽ റഷ്യയിലെ ബോൾഷെവിക്കുകൾ സാർഭരണകൂടത്തെ വലിച്ചെറിയുകയും സോവിയറ്റ്–സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയൻ സ്ഥാപിക്കുകയും ചെയ്തു. ഇതു മറ്റു രാജ്യങ്ങളിലെ വിപ്ലവകാരികളായ തൊഴിലാളികളേയും മർദ്ദിതരായ കർഷകരേയും പുരോഗമനവാദികളായ ബുദ്ധിജീവികളേയും പ്രചോദിപ്പിച്ചു. ചേരിതിരിഞ്ഞ ഈ സമരത്തിനു വെളിയിൽ നിൽക്കാൻ ലൂക്കാച്ച് തയ്യാറില്ലായിരുന്നു. അദ്ദേഹം ഒരു സജീവപക്ഷപാതിയായി മാറുകയും 1911 ഡിസംബറിൽ ബലാക്കുണിന്റെ നേതൃത്വത്തിൽ പുതുതായി രൂപം കൊണ്ട ഹംഗേറിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുകയും ചെയ്തു. ഹംഗേറിയൻ സോവിയറ്റ് റിപ്പബ്ലിക്കിന്റെ രൂപത്തിലുള്ള തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെ രൂപവൽക്കരണത്തിലേക്കു നയിച്ച ഹംഗേറിയൻ വിപ്ലവത്തിൽ അദ്ദേഹം പങ്കെടുത്തു. 1919-ൽ ഹംഗേറിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രകമ്മിറ്റിയിലേക്ക് അദ്ദേഹത്തെ തെരഞ്ഞെടുത്തു. സോവിയറ്റ് റിപ്പബ്ലിക്കിൽ വിദ്യാഭ്യാസത്തിനും കമ്മ്യൂണിസത്തിനുമുള്ള പീപ്പിൾസ് കമ്മിസാർ, ചെമ്പടയുടെ പീപ്പിൾസ് കമ്മിസാർ എന്നീ സ്ഥാനങ്ങൾ അദ്ദേഹം സ്വീകരിച്ചു. ബലാക്കുണിന്റെ നേതൃത്വത്തിലുള്ള സർവ്വാധിപത്യം കുറേ മാസങ്ങൾമാത്രമേ നിലനിന്നുള്ളൂ. പ്രതിവിപ്ലവശക്തികൾ സോവിയറ്റ് റിപ്പബ്ലിക്കിനെ പറിച്ചെറിഞ്ഞതിനുശേഷം ലൂക്കാച്ച് വിയന്നയിലേക്കു രക്ഷപ്പെട്ടു. ബലാക്കുണും അദ്ദേഹത്തിന്റെ ചില സഹപ്രവർത്തകരും മോസ്കോവിലേക്കും.

## 2 കൂടുതൽ പഠിക്കുന്നു

വിയന്നയിൽ ലൂക്കാച്ച് സിദ്ധാന്തപരവും ധിഷണാപരവുമായ പ്രവർത്തനങ്ങൾ തുടരുകയും മാർക്സിന്റേയും ലെനിന്റെയും കൃതികളുമായുള്ള പരിചയം വർദ്ധിപ്പിക്കുകയും ചെയ്തു. പോളണ്ട് ബാൾക്കൻസ് എന്നീ നാടുകളിൽ നിന്നുള്ള കുടിയേറ്റക്കാരുമായും ജർമ്മനി, ഇറ്റലി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റുകാരുമായും സമ്പർക്കത്തിലേർപ്പെട്ടു. മൂന്നാം ഇന്റർനാഷണലിലെ പുതിയ പ്രവണതകളുടെ ഒരു കേന്ദ്രമായിത്തീർന്ന 'കമ്മ്യൂണിസം' എന്ന മാസിക സ്ഥാപിച്ച് അതിന്റെ പത്രാധിപത്യം ഏറ്റെടുത്തു. അദ്ദേഹം നിരീക്ഷിക്കുന്നു: "മറ്റെന്തിലും കൂടുതൽ ആവശ്യം ഹംഗറിയിലെ തൊഴിലാളി വിപ്ലവപ്രസ്ഥാനത്തിനു പുതുജീവൻ നൽകുക എന്നതായിരുന്നു. ഭീകരണഭരണകാലത്തു നിലനിൽക്കാനും വളരാനും അതിനെ പ്രാപ്തമാക്കാൻ പുതിയ മുദ്രാവാക്യങ്ങളും നയപരിപാടികളും കണ്ടെത്തേണ്ടിയിരുന്നു. സർവ്വാധിപത്യത്തെപ്പറ്റിയുള്ള അപവാദങ്ങൾ—അവ പ്രതിലോമപരമായിരുന്നോ അതോ സോഷ്യൽ ഡെമോക്രാറ്റിക്കുകളുടേതായിരുന്നോ എന്നത് അപ്രധാനമായിരുന്നു—നിഷേധിക്കേണ്ടിയിരുന്നു. അതേസമയംതന്നെ തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തെക്കുറിച്ച മാർക്സിസ്റ്റ് സ്വയംവിമർശനം ആരംഭിക്കേണ്ടിയിരിക്കുന്നു". "സീനോവീവിന്റെ ഏറ്റവും ആധുനിക ബ്യൂറോക്രാറ്റിക് രീതിയിലുള്ള സെക്ടേറിയനിസത്തോട് ആഭിമുഖ്യം പ്രദർശിപ്പിച്ചയാളുമായ ബലാക്കുണിന്റെ നേതൃത്വത്തിൽ ഹംഗേറിയൻ പാർട്ടിക്കുള്ളിൽ പ്രവർത്തിച്ചിരുന്ന ബ്യൂറോക്രാറ്റിക് അതിസാഹസിക ഗ്രൂപ്പിനെ എതിർത്ത യുജിൻലാന്റുമായും ലൂക്കാച്ച് യോജിച്ചു നിന്നു. ലൂക്കാച്ചിനെ സംബന്ധിച്ചിടത്തോളം ഹംഗറിയിലെ വിപ്ലവത്തിന്റെ പരാജയമായിരുന്നു കാരണം. പ്രതിവിപ്ലവത്തിന്റെ അദമ്യശക്തി മാത്രമായിരുന്നില്ല. ബലാകുണും കൂട്ടരും വരുത്തിയ വിഭാഗീയവും സാഹസികവുമായ തെറ്റുകളായിരുന്നു മുഖ്യകാരണം. അവരെ സ്വാധീനിച്ചത് മാർക്സോ ലെനിനോ ആയിരുന്നില്ല; നേരെമറിച്ച് 'റഷ്യൻ ഇടതുചേരി പ്രതിപക്ഷമായിരുന്നു'.

ഹംഗേറിയൻ രാഷ്ട്രീയ സമരമുഖത്തു ലൂക്കാച്ച് ഊർജ്ജസ്വലമായ ഒരു വിഭാഗീയതാ ലെനിനുവേണ്ടി വാദിച്ചു. അങ്ങനെ അദ്ദേഹം ബലാകുണിന്റെ സാഹസികതാതന്ത്രങ്ങളുടെ കടുത്ത ശത്രുവായിത്തീർന്നു. അതേസമയം അദ്ദേഹം അന്തർദേശീയപ്രശ്നങ്ങളിൽ തീവ്രവാദവിഭാഗീയപ്രവണതകളെ പിന്താങ്ങി. രണ്ടുപേരുടെയും സെക്ടേറിയൻ തെറ്റുകൾ ചൂണ്ടിക്കാട്ടിക്കൊടുത്തു. ലൂക്കാച്ചിനേയും കുണിനേയും സഹായിക്കുവാൻ ലെനിൻ ശ്രമിച്ചു. വിഭാഗീയചിന്താഗതിയിൽ നിന്നു പുറത്തുകടക്കാൻ ആദ്യത്തെ കാലെടുത്തുവെക്കുന്നതിനും സ്വന്തം വീക്ഷണഗതികളെ പുനരവലോകനം ചെയ്യുന്നതിനും തന്നെ പ്രാപ്തനാക്കിയത് ലെനിന്റെ വിമർശനമായിരുന്നുവെന്ന് ലൂക്കാച്ച് തന്നെ തുറന്നു സമ്മതിക്കുന്നു.

# 3 ‘ചരിത്രവും വർഗ്ഗബോധവും’

ത്രൂക്ഷമായ ഉൾപ്പാർട്ടിസമരങ്ങളുടെ ഈ കാലഘട്ടത്തിലാണ് ‘ചരിത്രവും വർഗ്ഗബോധവും’ എന്ന തന്റെ ശ്രേഷ്ഠമായ കൃതി 1923-ൽ പ്രസിദ്ധീകരിച്ചത്. ഈ കൃതി ധിഷണലോകത്തിൽ സത്വരമായ ആഘാതം ഉണ്ടാക്കുകയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അകത്തും പുറത്തും വിവാദത്തിന്റെ കൊടുങ്കാറ്റഴിച്ചു വിടുകയും ചെയ്തു. ആ മഹത്ഗ്രന്ഥം കമ്മ്യൂണിസ്റ്റ് ബുദ്ധിജീവികളുടെ യുവതലമുറയിൽ മാത്രമല്ല കാൾമാൻഹീമിനെ പോലുള്ള കമ്മ്യൂണിസ്റ്റിതരരായ സാമൂഹ്യശാസ്ത്രജ്ഞന്മാരിലും അസ്തിത്വവാദികളിൽപോലും അനല്പമായ സ്വാധീനശക്തി ചെലുത്തുകയുണ്ടായി. അതേസമയം ‘അതു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുള്ളിലുണ്ടായിരുന്ന വരട്ടുതത്വവാദികളായിരുന്ന കടുംപിടുത്തക്കാരുടെ ആക്രമണത്തിനും അവജ്ഞയ്ക്കും പാത്രമാവുകയും ചെയ്തു’.

ബൂർഷ്വാറിവിഷനിസ്റ്റുകളുടെ വികൃതപ്പെടുത്തലുകളിൽ നിന്ന് മാർക്സിസത്തെ രക്ഷപ്പെടുത്തുകയും അതിനെ സമകാലികവിപ്ലവപ്രസ്ഥാനങ്ങളുടെ ആവശ്യങ്ങളോടു പൊരുത്തപ്പെടുകയും ചെയ്യുക എന്നതായിരുന്നു ആ ഗ്രന്ഥരചനയിൽ ലൂക്കാച്ചിനുണ്ടായിരുന്ന ഉദ്ദേശ്യം. ഒരു ഭാഗത്തു പുതിയ കണ്ടുപിടുത്തങ്ങളും ഗവേഷണഫലങ്ങളും മാർക്സിസത്തെ കാലഹരണപ്പെടുത്തിയിരിക്കുന്നുവെന്ന് വാദിക്കുന്നവരും, മറുവശത്ത്, എല്ലാ ചരിത്രഘട്ടങ്ങളിലും എല്ലാ അവസരങ്ങളിലും ഉപയോഗിക്കേണ്ട മന്ത്രങ്ങളുടെ ശേഖരമായി മാർക്സിസത്തെ കണക്കാക്കുന്നവരും തൊഴിലാളിപ്രസ്ഥാനത്തിനുള്ളിൽതന്നെ വളരെയധികം ഉണ്ടെന്നദ്ദേഹം കണ്ടു. അത്തരം വ്യാജപ്രവാചകന്മാരോടുള്ള ഒരു വെല്ലുവിളിയായിരുന്നു ആ ഗ്രന്ഥം.

# 4 ഉജ്ജ്വലമായ ഉൾക്കാഴ്ച

'ചരിത്രവും വർഗ്ഗബോധ'വും എഴുതിയപ്പോൾ ലൂക്കാച്ച് മാർക്സിന്റെ ആദ്യകാലകൃതികളോ 1929-ൽ മാത്രം പ്രസിദ്ധീകരിക്കപ്പെട്ട ലെനിന്റെ സുപ്രധാനമായ തത്വശാസ്ത്രസംഭാവനകളോ വായിച്ചിരുന്നില്ല.

എങ്കിലും ഉജ്ജ്വലമായ ഉൾക്കാഴ്ചയോടെ അപ്രകാശിതങ്ങളായിരുന്ന ആ കൃതിയിലെ നിരീക്ഷണങ്ങൾ അദ്ദേഹം മുൻകൂട്ടി കാണുകയുണ്ടായി. ഹെഗലിന്റെ ആശകളുടെ അനന്തരാവകാശിയായിരുന്നു മാർക്സെന്നും അതുകൊണ്ടു മാർക്സിസത്തിന്റെ പാരമ്പര്യങ്ങളിലേക്കു തിരിച്ചുപോകാൻ ശ്രമിക്കുന്ന യാതൊരാൾക്കും ഹെഗലിന്റെ പാരമ്പര്യത്തെ പുനരുജ്ജീവിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹം വാദിച്ചു. "ലെനിന്റെ തത്വശാസ്ത്രപരമായ നോട്ടുബുക്കുക"ളിലെ ആശയങ്ങളെ മുൻകൂട്ടിക്കണ്ടു മനുഷ്യന്റെ സജീവവും ക്രിയാത്മകവുമായ വസ്തുതകളെ രൂപാന്തരപ്പെടുത്താൻ കഴിവുള്ളതുമായ ഒരു പങ്കുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഹെഗലിന്റെ വീക്ഷണത്തിൽ നിന്നു മാർക്സിന്റെ ചിന്തയിലേക്കുള്ള മാർഗ്ഗമാകെ അദ്ദേഹം സ്വയം പരിശോധിച്ചു. ഡയലക്റ്റിക്സിന്റെ മേഖല മനുഷ്യൻ എന്ന യാഥാർത്ഥ്യത്തിന്റെ മേഖലയായിരുന്നു. ചരിത്രത്തിന്റേയും സമൂഹത്തിന്റേയും യാഥാർത്ഥ്യത്തിന്റേയും മേഖലയായിരുന്നു. മാർക്സിനെപ്പോലെ ലൂക്കാച്ചും തൊഴിലാളിവർഗ്ഗവിപ്ലവത്തെ അന്യബോധത്തിൽ നിന്നും വിമോചിപ്പിക്കുവാനും മനുഷ്യസ്നേഹത്തിലടിയുറച്ച ഒരു പുതിയ സമൂഹത്തിന്റെ അടിത്തറയിടാനുള്ള ഒരു മാർഗ്ഗമായിട്ടാണ് സോഷ്യലിസത്തെ ഉയർത്തിപ്പിടിച്ചത്. മാർക്സിന്റെ കൃതികളുടെ കലർപ്പറ്റ ഘടകങ്ങളിലൊന്നായി മാനവികതയെ അദ്ദേഹം ഉയർത്തിക്കാട്ടി. ഹെഗലിന്റെയും ആദ്യകാലബൂർഷ്വാചിന്തകന്മാരുടേയും പാരമ്പര്യങ്ങളുടെ മൂല്യത്തെ പുനർനിർണ്ണയിക്കുന്നതിനോട് അഭിവാജ്യമായി ബന്ധപ്പെട്ടിരിക്കുന്ന മാർക്സിയൻ കൃതികളുടെ ഈ വിലയിരുത്തൽ, 'ചരിത്രവും വർഗ്ഗബോധവും' എന്ന കൃതിയിലെ ശരിയായ ആശയപ്രവണതകൾ തന്റെതന്നെ പിൽക്കാല പ്രവർത്തനങ്ങളിൽ—ഒരുപക്ഷേ മറ്റുള്ളവരിലേതിലും—പ്രയോജനപ്രദമായ യഥാർത്ഥഫലങ്ങൾ ഉളവാക്കിയെന്നദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി

1929-ൽ ലെനിന്റെ തത്വശാസ്ത്രപരമായ നോട്ടുബുക്കുകളും 1932-ൽ മാർക്സിന്റെ ധനശാസ്ത്രപരവും തത്ത്വശാസ്ത്രപരവുമായ കയ്യെഴുത്തുപ്രതികളും 'ജർമ്മൻപ്രത്യയശാസ്ത്രവും' പ്രസിദ്ധീകരിച്ചതോടെ 'ചരിത്രവും വർഗ്ഗബോധവും' എന്ന ഗ്രന്ഥത്തിൽ ലൂക്കാച്ച് പുറപ്പെടുവിച്ച മുഖ്യബാധവും എന്ന സിദ്ധാന്തങ്ങൾ സ്ഥിരീകരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ തെറ്റുകുറ്റങ്ങളില്ലായിരുന്നെന്നു ഇതിനർത്ഥമില്ല. തന്റെ ഗ്രന്ഥത്തിൽ കടന്നുകൂടിയ ചില തെറ്റുകളും ഏകപക്ഷീയമായ അഭിപ്രായങ്ങളും അദ്ദേഹം തന്നെ വിമർശനബുദ്ധ്യാ നോക്കിക്കണ്ടു.

ഉദാഹരണത്തിനു സമകാലികസമൂഹത്തിലെ അന്യതാബോധത്തെ ശരിയാംവണ്ണം വിലയിരുത്താൻ ശ്രമിച്ചുവെങ്കിലും താൻ ഹെഗലിയൻ രീതിയിലാണ് അതു വിശദീകരിച്ചതെന്നദ്ദേഹം വ്യക്തമാക്കുന്നു.

## 5 വിമർശനവിധേയനാവുന്നു

ലെനിൻ അന്തരിച്ചിട്ടേറെക്കാലമായില്ല. മൂന്നാം ഇന്റർനാഷണലിന്റെ നേതൃത്വം ലൂക്കാച്ചിന്റേയും അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന്റേയും നേർക്കു രൂക്ഷമായ ഒരാക്രമണം നടത്താൻ ശ്രമിച്ചു. വിശദാംശങ്ങളെയല്ല, ഗ്രന്ഥത്തിന്റെ സത്തയെയാകെയാണ് ആക്രമണം ലക്ഷ്യമാക്കിയത്. ലൂക്കാച്ച് ഒരു വ്യതിയാനവാദിയായി (Deviationist) പ്രഖ്യാപിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഗ്രന്ഥം വൈരുദ്ധ്യാത്മഭൗതികവാദത്തെ തിരുത്തുന്നതായും ഭൗതികവാദപരമായ ചിന്താപദ്ധതിയെ ഹതവീര്യമാക്കുന്നതായും ഹെഗലിന്റെ ആശയവാദത്തെ ഉയർത്തിക്കാട്ടുന്നതായും വാദിക്കപ്പെട്ടു. കമ്മ്യൂണിസ്റ്റ്ഇന്റർനാഷണലിന്റെ 5-ാം കോൺഗ്രസ്സിൽ പഴയ ഹെഗലിയനിസത്തിലേക്കുള്ള പതനമായി ഈ ഗ്രന്ഥത്തെ ബുക്കാറിൻ ഇടിച്ചു കാണിച്ചു. ബലാക്കുണിന്റെ ഗുരുവും കോമിന്റേണിന്റെ സെക്രട്ടറിയുമായിരുന്ന സീനോവീവ് അതിനെ സിദ്ധാന്തപരമായ തിരുത്തൽവാദമെന്നും മാർക്സിസത്തിനു നേരെയുള്ള കടന്നാക്രമണമെന്നും അപവദിച്ചു. അദ്ദേഹം ഗർജ്ജിച്ചു: നമ്മുടെ കമ്മ്യൂണിസ്റ്റിന്റർനാഷണലിൽ സിദ്ധാന്തപരമായ ഇത്തരം റിവിഷനിസം നമുക്കു പൊറുക്കാനാവില്ല”

ലൂക്കാച്ചു കുറേക്കാലത്തേയ്ക്കു നിശബ്ദനാകാൻ നിർബദ്ധനായി. ‘കമ്മ്യൂണിസ’ ത്തിന്റെ പത്രാധിപസ്ഥാനത്തു നിന്നദ്ദേഹത്തെ മാറ്റി. പക്ഷേ, ആശ്രാന്തവും ഊർജ്ജസ്വലവുമായ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ അമർത്തിക്കളയാൻ ഒരു കാലത്തും ആർക്കും കഴിയുമായിരുന്നില്ല—(മാർക്സിസ്റ്റ് വീക്ഷണത്തിൽ നിന്ന്).

മുതലാളിത്തം താൽക്കാലികമായി കൂടുതൽ കൂടുതൽ ഉറച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. റഷ്യൻ വിപ്ലവത്തെ തുടർന്നു യൂറോപ്പിലെ മറ്റുപല രാജ്യങ്ങളിൽ തൊഴിലാളിവിപ്ലവങ്ങൾ അതിവേഗം പൊട്ടിപ്പുറപ്പെടുമെന്ന ആശകൾ പിന്നിലേക്കു തള്ളപ്പെട്ടു. ഈ പരിതസ്ഥിതിയിൽ, ‘ഒരു രാജ്യത്തിൽ മാത്രം സോഷ്യലിസം’ എന്ന സ്റ്റാലിന്റെ മുദ്രാവാക്യത്തെ ലൂക്കാച്ച് പിന്താങ്ങി. റഷ്യൻവിപ്ലവത്തിന്റെ നേട്ടങ്ങളെ സാമ്രാജ്യത്തിന്റേയും ആക്രമണങ്ങളിൽ നിന്നു കാത്തുരക്ഷിക്കേണ്ടത് ഓരോ കമ്മ്യൂണിസ്റ്റുകാരന്റെയും കർത്തവ്യമാണെന്നു അദ്ദേഹം വിശ്വസിച്ചു. പക്ഷേ, മറ്റു രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ മേൽ സ്റ്റാലിൻ തന്റെ വിഭാഗീയതന്ത്രങ്ങൾ അടിച്ചേൽപിക്കുന്നതിനോട് അദ്ദേഹത്തിനു യോജിക്കാൻ കഴിഞ്ഞില്ല. കാരണം ആ കാലഘട്ടത്തിൽ മുതലാളിത്തം താൽക്കാലികമായി പ്രബലപ്പെട്ടുവെന്നു മാത്രമല്ല, ഫാസിസ്റ്റ് പ്രതിലോമശക്തികൾ ഉയർന്നുവരികയും ചെയ്തിരുന്നു. 1922-ൽ മുസ്സലീനിയുടെ ‘റോമിലേക്കുള്ള മാർച്ച്’ ഇറ്റലിയിൽ ഫാസിസ്റ്റ് ഏകാധിപത്യത്തിൽ കലാശിച്ചു. ജർമ്മനിയിൽ ഹിറ്റ്ലറുടെ നേതൃത്വത്തിലുള്ള ‘ദേശീയ സോഷ്യലിസം’ അനുദിനം ശക്തിയാർജ്ജിച്ചു വന്നു. മറ്റു രാജ്യങ്ങളിലും പ്രതിലോമശക്തികൾ കൂടുതൽ കൂടുതൽ ശക്തിയായി. ഈ പ്രതിലോമശക്തികളുടെ എതിർപ്പ് കമ്മ്യൂണിസ്റ്റുകളോടു മാത്രമായിരുന്നില്ല, എല്ലാ പുരോഗമന ശക്തികളോടുമായിരുന്നു. ആദ്യകാലത്തെ ബൂർഷ്വാബുദ്ധിജീവികളുടെ മാനുഷികമായ ആശയങ്ങളും ഫാസിസ്റ്റുകളുടെ ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്തപ്രാകൃതത്വവും തമ്മിലുള്ള വലിയ വിടവു പ്രകടമായിത്തീർന്നു. പുരോഗമനവാദികളായ ഒട്ടനവധി ബൂർഷ്വാബുദ്ധിജീവികളും തീവ്രവാദികളായ സോഷ്യൽ ഡെമോക്രാറ്റുകളും ഫാസിസത്തിന്റെ വളർച്ചയിൽ തങ്ങളുടെ ഭൂതകാല ദർശനങ്ങൾ വഞ്ചിക്കപ്പെടുന്നതു കണ്ടു. അവർ ഫാസിസ്റ്റ് വിപത്തിനോടു പൊരുതാൻ വേണ്ടി കമ്മ്യൂണിസ്റ്റുകളോടു യോജിക്കാൻ തയ്യാറായി. ഒരു വശത്ത്, മാർക്സിന്റേയും ഹെഗലിനെപ്പോലുള്ള ആദ്യകാല ബൂർഷ്വാചിന്തകരുടെയും സിദ്ധാന്തങ്ങളുടെ മൂല്യപുനർനിർണ്ണയം ആവശ്യമായിത്തീർന്നു. ഫാസിസത്തോടും പ്രതിലോമശക്തികളോടും പൊരുതാൻ ഒരൈക്യമുന്നണി കെട്ടിപ്പടുക്കേണ്ടതാവശ്യമാണെന്ന അഭിപ്രായം ശക്തിപ്പെട്ടു. പക്ഷേ, സ്റ്റാലിന്റെ നേതൃത്വത്തിലുള്ള മൂന്നാം ഇന്റർനാഷണലിന് അവസരത്തിനൊത്തുയരുവാൻ കഴിഞ്ഞില്ല. ലൂക്കാച്ച് പറയുന്നു, സ്റ്റാലിനിസ്റ്റ്തന്ത്രങ്ങളാൽ കൂടുതൽ കൂടുതൽ സ്വാധീനിച്ചുകൊണ്ടിരിക്കുന്ന മൂന്നാം ഇന്റർനാഷണലിൽ നിന്നും കാര്യമായ നീക്കങ്ങളൊന്നും പ്രതീക്ഷിക്കാമായിരുന്നില്ല. തന്ത്രപരമായി അത് ഇടത്തോട്ടും വലത്തോട്ടും ആടിക്കൊണ്ടിരുന്നു. ഈ അനിശ്ചിതത്വത്തിന്റെ ഇടയിലേക്കു സ്റ്റാലിൻ തന്നെ കടന്നുകയറി. 1928-ൽ അദ്ദേഹം സോഷ്യൽ ഡെമോക്രാറ്റുകളെ ‘ഫാസിസ്റ്റുകളുടെ ഇരട്ടപെറ്റ സഹോദരന്മാർ’ എന്നു വിശേഷിപ്പിച്ചു. ഇതിനു വിനാശകരമായ അനന്തരഫലങ്ങൾ ഉണ്ടായിരുന്നു. ഒരു ഇടതുപക്ഷ ഐക്യമുന്നണിയുടെ സാധ്യതകൾക്ക് ഇത് ഇടംകോലിട്ടു. ഹംഗറിയിൽ ഹാർത്തിയുടെ പിന്തിരിപ്പൻ സർവ്വാധിപത്യം എല്ലാ പുരോഗമനശക്തികൾക്കും ഒരു മഹാവിപത്തായിത്തീർന്നിരുന്നു. തീവ്രവാദികളായ തൊഴിലാളികളുടെ ഇടയിൽ സ്വാധീനശക്തി ഉള്ളവരും നിയമാനുസൃതമായി പ്രവർത്തിച്ചിരുന്നവരുമായ മറ്റ് ഇടതുപക്ഷകക്ഷികളുമായും സഹകരിക്കുകയും യോജിച്ചു പ്രവർത്തിക്കുകയും ചെയ്യേണ്ടത് ആവശ്യമാണെന്നു ലൂക്കാച്ചും അദ്ദേഹത്തെപ്പോലെ ചിന്തിച്ചിരുന്ന മറ്റു സഖാക്കളും മനസ്സിലാക്കി. സിദ്ധാന്തപരവും തന്ത്രപരവും ആയ തലങ്ങളിൽ ഐക്യമുന്നണിയുടെ പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യേണ്ടത് ആവശ്യമായിത്തീർന്നു. ഒരു സോവിയറ്റ് റിപ്പബ്ലിക്ക് എന്ന മുദ്രാവാക്യം മാറ്റിവെച്ചു ഹാർത്തിഭരണത്തിനെതിരായി യോജിച്ചു പ്രവർത്തിക്കുന്ന എല്ലാ പുരോഗമനഘടകങ്ങളുടെ പ്രവർത്തനാടിസ്ഥാനമായി ജനാധിപത്യറിപ്പബ്ലിക്ക് എന്ന മുദ്രാവാക്യം സ്വീകരിക്കുക എന്നതായിരുന്നു ഇതിന്റെ അർത്ഥം. 1921-ൽ ഹംഗറിയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രണ്ടാം കോൺഗ്രസ്സിനുവേണ്ടിയുള്ള രാഷ്ട്രീയ പ്രമേയങ്ങൾ എഴുതിയുണ്ടാക്കുന്ന ജോലി ലൂക്കാച്ചിനു ലഭിച്ചപ്പോൾ തന്റെ ഈ ആശയങ്ങൾ സുചിന്തിതമായി പ്രകടിപ്പിക്കാൻ അദ്ദേഹത്തിന് അവസരം കിട്ടി. പക്ഷേ, പാർട്ടി നേതൃത്വത്തിൽ അന്നുണ്ടായിരുന്ന വിഭാഗീയ സാഹസികഗ്രൂപ്പ് അദ്ദേഹത്തിന്റെ പ്രമേയങ്ങളെ നിശിതമായി എതിർത്തു. ലൂക്കാച്ച് ചൂണ്ടിക്കാട്ടുന്നു: “കുൺഗ്രൂപ്പു ആ പ്രമേയങ്ങളെ ശുദ്ധ അവസരവാദമായി കണ്ടു. എന്റെ പാർട്ടിയിൽനിന്നുതന്നെ എനിക്ക് ഉദാസീനമായ പിന്തുണയേ ലഭിച്ചുള്ളൂ. വിശ്വാസയോഗ്യമായ ഒരു കേന്ദ്രത്തിൽനിന്നു ഞാൻ അറിഞ്ഞു, പാർട്ടിയിൽ നിന്ന് എന്നെ പുറന്തള്ളാൻ ബെലാക്കുൺ പദ്ധതിയിടുകയാണെന്ന്. അപ്പോൾ ഞാൻ എന്റെ സമരം ഉപേക്ഷിച്ചു. കാരണം, ഇന്റർനാഷണലിൽ കുണിനുണ്ടായിരുന്ന സ്ഥാനമഹിമ എനിക്കറിയാമായിരുന്നു. ഏറെ താമസിയാതെ, ഞാൻ ഒരു ‘സ്വയം വിമർശനം’ പ്രസിദ്ധപ്പെടുത്തി. എന്റെ വീക്ഷണം ശരിയായിരുന്നെന്നു ഞാൻ ഉറച്ചുവിശ്വസിച്ചു. പക്ഷേ, ഞാൻ ഇതുകൂടി അറിഞ്ഞിരുന്നു—പാർട്ടിയിൽ നിന്നു പുറന്തള്ളപ്പെട്ടാൽ പിന്നെ ഫാസിസത്തോടുള്ള സമരത്തിൽ സജീവപങ്കാളിയാകാൻ ഒരിക്കലും സാധിക്കുകയില്ലെന്ന്. കോൾകോർഷിന്റെ കർമ്മഗതി എനിക്കറിയാമായിരുന്നു. അത്തരം പ്രവർത്തനത്തിൽ പ്രവേശിക്കാനുള്ള ഒരു ടിക്കറ്റായിട്ടാണ് ഞാൻ എന്റെ സ്വയം വിമർശനം എഴുതിയത്. ഈ പരിതഃസ്ഥിതിയിൽ ഹംഗേറിയൻ പ്രസ്ഥാനത്തിൽ പ്രവർത്തിക്കാൻ എനിക്കു സാദ്ധ്യമല്ലായിരുന്നു. ഞാൻ അതാഗ്രഹിച്ചതുമില്ല”.

## 6 സ്റ്റാലിനീകരണത്തിന്റെ കാലഘട്ടം

അങ്ങിനെ ഒരു ദശാബ്ദക്കാലത്തെ ആവേശപൂർവ്വമായ രാഷ്ട്രീയപ്രവർത്തനത്തിനുശേഷം അദ്ദേഹം പിന്മാറുകയും സിദ്ധാന്തപരവും സാഹിത്യപരവുമായ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. 1929-ൽ അദ്ദേഹം വിയന്ന വിട്ടു. ഒരു വർഷത്തോളം ബർലിനിലിൽ കഴിച്ചു കൂട്ടിയശേഷം 1930-ൽ മോസ്കോയിലെ മാർക്സ്—എംഗൽസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു റിസർച്ച് ജോലി സ്വീകരിച്ചു. 1931 മുതൽ 1933 വരെ അദ്ദേഹം ഒരു സാഹിത്യവിമർശകനെന്ന നിലയിൽ ബെർലിനിലിൽ താമസിച്ചു. പക്ഷേ, 1933-ൽ ഹിറ്റ്ലർ അധികാരത്തിൽ വന്നപ്പോൾ അദ്ദേഹം മോസ്കോയിലേക്കു മടങ്ങി.

‘സാമ്പത്തികവും തത്വശാസ്ത്രപരവുമായ കയ്യെഴുത്തുകളും’ ജർമ്മൻ പ്രത്യയശാസ്ത്രവും, പോലുള്ള മാർക്സിന്റെ ആദ്യകാലകൃതികളും ലെനിന്റെ തത്വശാസ്ത്രനോട്ടുബുക്കുകളും, അപ്പോഴേക്കും പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരുന്നു. അവ വായിക്കാൻ തയ്യാറാകുന്ന ആർക്കും വേഗം മനസ്സിലാകുമായിരുന്നു സ്റ്റാലിനിസ്റ്റ് പ്രയോഗവും യഥാർത്ഥമായ മനുഷ്യസമൂഹത്തെക്കുറിച്ചുള്ള മാർക്സിയൻ സങ്കൽപവും തമ്മിലുള്ള വ്യത്യാസം. എന്നാൽ കമ്മ്യൂണിസ്റ്റ പ്രസ്ഥാനത്തിൽ സ്റ്റാലിനീകരണം വളർന്നുവരുന്ന കാലമായിരുന്നു അത്. സ്റ്റാലിന്റെ അഭിപ്രായങ്ങൾക്കെതിരായതെന്തും മാർക്സിസത്തിനെതിരാണെന്ന് വിധിക്കപ്പെടാൻ തുടങ്ങി. ഹെഗൽ, ഫ്യൂവർബാക് എന്നിവരുടേയും മാർക്സിസത്തിനു മുമ്പുണ്ടായിരുന്ന ബൂർഷ്വാചിന്തകരുടെയും ശക്തമായ സ്വാധീനത്തിൽനിന്നു വിമുക്തിനേടിയിട്ടില്ലാത്ത, പൂർണ്ണവളർച്ചയെത്താത്ത ഒരു മാർക്സിസ്റ്റിന്റെ കൃതികളെന്ന നിലയിൽ അദ്ദേഹത്തിന്റെ ആദ്യകാലപ്രബന്ധങ്ങൾ അവഗണിക്കപ്പെട്ടു. സ്വകാര്യ ഉപയോഗത്തിനുവേണ്ടി തയ്യാറാക്കപ്പെട്ട ഒരു നോട്ടുബുക്കുമാത്രമായി ലെനിന്റെ തത്വശാസ്ത്രബുക്കുകൾ കരുതപ്പെട്ടു. സ്റ്റാലിന്റെ കൃതികളും അദ്ദേഹത്തിന്റെ മാർക്സിസവ്യാഖ്യാനങ്ങളും മാത്രമേ ശരിയായ മാർക്സിസമായി കണക്കാക്കപ്പെട്ടുള്ളൂ. മാർക്സിസത്തിന്റെ ജീവിച്ചിരിക്കുന്ന ആധികാരികപണ്ഡിതൻ സ്റ്റാലിൻ മാത്രമായിരുന്നു. മാർക്സ്, എംഗൽസ്, ലെനിൻ എന്നിവരുടെ ഏറ്റവും ശ്രേഷ്ഠനായ ശിഷ്യനും അനന്തിരാവകാശിയും. ഏറ്റവും വലിയ ശാസ്ത്രജ്ഞൻ, ഏറ്റവും വലിയ ചരിത്രകാരൻ, ഏറ്റവും വലിയ ജീവശാസ്ത്രജ്ഞൻ, ഏറ്റവും വലിയ തന്ത്രജ്ഞൻ, ലോകവിപ്ലവപ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ നേതാവ്—സ്റ്റലിൻ ഇതെല്ലാമായി മാനിക്കപ്പെട്ടു. ഈ പുതിയ അവസ്ഥാവിശേഷത്തോടു പൊരുത്തപ്പെടാൻവേണ്ടി ലൂക്കാച്ച് ദീർഘമായ ഒരു ‘സ്വയംവിമർശനം’ രചിക്കുകയും പന്ത്രണ്ടുകൊല്ലം മുമ്പെഴുതിയ സ്വന്തം ഗ്രന്ഥത്തെ നിന്ദിക്കുകയും ചെയ്തു. മാർക്സിസത്തിൽനിന്നുള്ള വ്യതിയാനവും ആശയവാദത്തിലേക്കുള്ള വീഴ്ചയുമായിരുന്നു തന്റെ കൃതി എന്ന് അദ്ദേഹം സമ്മതിച്ചു. അദ്ദേഹം പറഞ്ഞു ‘പാർട്ടിയിലെ പ്രായോഗികപ്രവർത്തനങ്ങളിൽ മുഴുകുകയും ലെനിന്റേയും സ്റ്റാലിന്റെയും കൃതികളുമായി പരിചയപ്പെടുകയും ചെയ്തതോടെ എന്റെ ലോകവീക്ഷണത്തിൽ ആശയവാദപരമായ ആശയസ്തംഭനങ്ങളുടെ സുരക്ഷിതത്വം കൂടുതൽ കൂടുതൽ നഷ്ടപ്പെട്ടുവന്നു”. അദ്ദേഹം തുടർന്നു.

‘ജർമ്മൻ കമ്മ്യൂണിസ്റ്റുപാർട്ടിയിലെ പ്രായോഗികപ്രവർത്തനം ... ഫാസിസ്റ്റ്—സോഷ്യൽ ഫാസിസ്റ്റ് പ്രത്യയശാസ്ത്രത്തോടുള്ള പ്രത്യയശാസ്ത്രപരമായ പ്രത്യക്ഷസമരം ഇവ, ആശയവാദത്തിന്റെ രംഗം ഫാസിസ്റ്റ് പ്രതിവിപ്ലവത്തിന്റെയും കൂടെയുള്ള സോഷ്യൽ ഫാസിസ്റ്റുകളുടെയും രംഗമാണെന്ന എന്റെ വിശ്വാസത്തെ ദൃഢമൂലമാക്കി. എത്ര നിസ്സാരമായാൽത്തന്നെയും ആശയവാദത്തിനു നൽകുന്ന ഓരോ സൗജന്യവും തൊഴിലാളിവർഗ്ഗവിപ്ലവത്തിനു വിപത്കരമാണ്. ഇപ്രകാരം, പന്ത്രണ്ടു വർഷം മുമ്പു ഞാനെഴുതിയ പുസ്തകത്തിന്റെ സിദ്ധാന്തപരമായ അബദ്ധവും പ്രായോഗികവിപത്തും ഞാൻ മനസ്സിലാക്കി”.

## 7 ഇളകാത്ത മൗലികവീക്ഷണം

തന്റെ സ്വയം വിമർശനത്തിന്റെ അവസാനഭാഗത്തു ലൂക്കാച്ച് ഒരു പ്രതിജ്ഞ എടുത്തു: 'കോമിന്റേണിന്റെയും സർവ്വയൂണിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും അതിന്റെ നേതാവ് സഖാവു സ്റ്റാലിന്റെയും സഹായത്തോടെ സർവ്വയൂണിയൻ കമ്മ്യൂണിസ്റ്റുപാർട്ടി വളരെ മുമ്പുതന്നെ നേടിയെടുത്ത് ഇരുമ്പുശിക്ഷിതത്വം (Iron discipline) ചലനമില്ലായ്മ, മാർക്സിസം-ലെനിനിസത്തിൽ നിന്നുള്ള വ്യതിയാനങ്ങളുമായി സന്ധിചെയ്യാതിരിക്കൽ ഇവക്കുവേണ്ടി, താൻ പൊരുതുന്നതാണ്' എന്ന്.

പരസ്യമായ സ്വയംവിമർശനവും ഔദ്യോഗികസൈദ്ധാന്തികരുടെ നിരീക്ഷണങ്ങളോടുള്ള ഉദാസീന സമ്മതഭാവവും ലൂക്കാച്ചിന്റെ മൗലികവീക്ഷണത്തെ ഇളക്കിയില്ല. സ്റ്റാലിനുമേൽ അദ്ദേഹം സ്തുതിവചനങ്ങൾ ചൊരിഞ്ഞുവെന്നതു സത്യം. പക്ഷേ, ഉള്ളിന്റെയുള്ളിൽ, അദ്ദേഹം ഒരിക്കലും സ്റ്റാലിനിസ്റ്റായിരുന്നില്ല. ജീവിതകാലം മുഴവനും മാർക്സിസത്തിന്റെ സ്വന്തം 'വ്യാഖ്യാനത്തോടു സത്യസന്ധത പുലർത്തിയിട്ടുണ്ടദ്ദേഹം. അപ്പോൾ എങ്ങിനെയാണ് ആ കുപ്രസിദ്ധമായ സ്വയംവിമർശനത്തെ നീതീകരിക്കുക? 'ചരിത്രവും വർഗ്ഗബോധവും' എന്ന ഗ്രന്ഥത്തിന്റെ പുതിയ പതിപ്പിനുള്ള മുഖവുരയിൽ അദ്ദേഹംതന്നെ സ്വന്തം നിലപാട് ഇങ്ങിനെ വിശദീകരിക്കുന്നു:

"ഉപയോഗപ്രദമായ പ്രവർത്തനത്തിനുള്ള എല്ലാ സാദ്ധ്യതകളോടുംകൂടിയാണ് ഞാൻ 1933-ൽ സോവിയറ്റ യൂണിയനിലേക്കു മടങ്ങിയത്. സാഹിത്യസിദ്ധാന്തത്തിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് 1934-39 കാലഘട്ടത്തിൽ ലിറ്ററാത്തുർനി ക്രീട്ടിക് (Literaturni Kritic) എന്ന മാസിക വഹിച്ച പ്രതിപക്ഷപരമായ പങ്ക് പരക്കെ അറിവുള്ളതാണല്ലോ. പരസ്യമായ 'ചരിത്രവും വർഗ്ഗബോധവും' എന്ന ഗ്രന്ഥത്തിൽ നിന്നും പരസ്യമായി അകന്നു മാറി നിൽക്കേണ്ടത് തന്ത്രപരമായ ഒരു ആവശ്യമായിരുന്നു. ഔദ്യോഗികവും അർദ്ധൗദ്യോഗികവുമായ സാഹിത്യസിദ്ധാന്തങ്ങൾക്കെതിരെ നടത്തിയ പക്ഷപാതപരമായ യഥാർത്ഥസമരത്തിനു തടസ്ഥങ്ങളുണ്ടാവാതിരിക്കാനായിരുന്നു അത്. മറ്റുരീതിയിൽ എത്രമാത്രം ഇടുങ്ങിയ ചിന്താഗതിയുള്ളവരാലും എന്റെ നോട്ടത്തിൽ എന്റെ എതിരാളികൾക്ക് വസ്തുനിഷ്ഠവും ശരിയുമായ നിലപാടുകളുള്ള പ്രത്യാക്രമങ്ങളുടെ തടസ്സം ഒഴിവാക്കാനായിരുന്നു അതു ചെയ്തത്. ഒരു 'സ്വയം വിമർശനം' പ്രസിദ്ധപ്പെടുത്തുമ്പോൾ ഏതായാലും, ഔദ്യോഗികഭാഷാരീതി അവലംബിക്കേണ്ടതും ആവശ്യമായിത്തീർന്നു. ഒരു കാലത്ത് ഞാൻ നടത്തിയ പ്രസ്താവനയിലെ അനുരൂപതാപരമായ (conformism) ഒരേ ഒരംശം ഇതായിരുന്നു. പിന്നീടുള്ള പ്രത്യയശാസ്ത്രപരമായ സമരത്തിനുള്ള പ്രവേശന ടിക്കറ്റുമായിരുന്നു അത്".

ആന്തരികോദ്ദേശങ്ങൾ എന്തായിരുന്നാലും ശരി, അദ്ദേഹത്തിന്റെ സ്വയം വിമർശനത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ കടുംപിടുത്തക്കാർ, പ്രത്യേകിച്ച് ഹംഗേറിയൻ പാർട്ടിനേതൃത്വം, ഗൗരവമായി കണക്കിലെടുത്തില്ല. മുപ്പതുകളുടെ ഉത്തരാർദ്ധത്തിലും നാല്പതുകളിലും അദ്ദേഹം ആവേശപൂർവ്വം തുടർന്നുപോന്ന സാഹിത്യപ്രവർത്തനങ്ങളും നിന്ദിക്കപ്പെടാതിരുന്നില്ല. ഉദാഹരണമായി, ഹംഗേറിയൻ പാർട്ടിയുടെ പ്രധാന സൈദ്ധാന്തികനായിരുന്ന ജോസഫ് റിവായ് (Joseph Revai) 1950-ൽ പോലും പറഞ്ഞു " 1945നും 1949 നും സഖാവ് ലൂക്കാച്ച് വച്ചുപുലർത്തിയ സാഹിത്യപരമായ അഭിപ്രായങ്ങൾ ഇരുപതുകളുടെ അന്ത്യത്തിലെ, കമ്മ്യൂണിസ്റ്റു പാർട്ടിയുടെ തന്ത്രത്തിന്റേയും ഹംഗറിയിലെ രാഷ്ട്രീയ പ്രവണതകളുടേയും സന്ദർഭത്തിൽ, അതായത് വളരെ നേരത്തെ തന്നെ, അദ്ദേഹം രൂപപ്പെടുത്തിയ രാഷ്ട്രീയാഭിപ്രായങ്ങളുമായി യോജിക്കുന്നവയാണ്. ഹംഗേറിയൻ പാർട്ടിയുടെ ചരിത്രവുമായി പരിചയമുള്ള ആർക്കും ഈ കാര്യം അറിയാം".

## 8 പുതിയ ചുറ്റുപാടിൽ

1953-ലെ സ്റ്റാലിന്റെ നിര്യാണവും സോവിയറ്റു യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇരുപതാം കോൺഗ്രസ്സിലുണ്ടായ നടുക്കുന്ന വെളിപ്പെടുത്തലുകളും മാർക്സിസത്തിന്റെ നവോത്ഥാനത്തിനു പാതയൊരുക്കി. വിവിധരാജ്യങ്ങളിലെ അനവധി മാർക്സിസ്റ്റ് ബുദ്ധിജീവികൾ ആദ്യമായി മാർക്സിന്റെ ആദ്യകാലകൃതികൾ ഗൗരവമായി പഠിക്കാൻ തുടങ്ങി. മാർക്സിസ്റ്റ് ചിന്തയെയാകെത്തന്നെ പുതുതായി വിലയിരുത്തുന്നതിലേക്ക് ഇത് മനുഷ്യനെ നയിച്ചു. ഇരുപതാം നൂറ്റാണ്ടു സൃഷ്ടിച്ച ഏറ്റവും വലിയ മാർക്സിസ്റ്റ്—ചിന്തകരിലൊരാളെന്ന യശസ്സും മഹിമയും അങ്ങിനെ ലൂക്കാച്ചിനു ലഭിച്ചു.

1944-ൽ ഫാസിസത്തിന്റെ പതനത്തിനുശേഷം ബുഡാപെസ്റ്റ് സർവ്വകലാശാലയിലെ ഒരു പ്രൊഫസർ എന്ന നിലയിൽ അദ്ദേഹം ഹംഗറിയിലേക്കു മടങ്ങുകയും തന്റെ ജന്മസ്ഥലത്തു പ്രവർത്തനങ്ങൾ തുടരുകയും ചെയ്തു. ഹംഗേറിയൻ നേതൃത്വത്തിന്റെ സ്റ്റാലിനിസ്റ്റ് നയങ്ങളോടു പ്രതിഷേധിച്ചുകൊണ്ടു രാഷ്ട്രീയപ്രവർത്തനങ്ങളിൽനിന്നു 1951-ൽ ലൂക്കാച്ച് പിന്മാറി. 1956-ൽ ഹംഗറിയിലെ സംഭവങ്ങളിൽ അദ്ദേഹം പങ്കെടുത്തു. ഇമർനാഗി (Imer Nagy)യുടെ ഗവൺമെന്റിൽ സാംസ്കാരികവകുപ്പുമന്ത്രിയുടെ സ്ഥാനം അദ്ദേഹം സ്വീകരിച്ചു. ഇതിലെന്തെങ്കിലും പൊരുത്തക്കേടു ലൂക്കാച്ച് കാണുന്നില്ല. മന്ത്രിപദം സ്വീകരിക്കുന്നതിനുമുമ്പുതന്നെ അദ്ദേഹം പ്രസ്താവിച്ചിരുന്നു, രൂക്ഷമായ പ്രതിസന്ധിയുടെ കാലഘട്ടത്തിലേക്കു മാത്രമാണ് തന്റെ മന്ത്രിപദമെന്നും, പരിതസ്ഥിതികൾ കുറെകൂടി ശാന്തവും സ്വസ്ഥവുമാകുന്ന ഉടൻ, താൻ രാജിവയ്ക്കുമെന്നും. 1956 ലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ പേരിൽ ഹംഗേറിയൻ കമ്മ്യൂണിസ്റ്റു പാർട്ടിയിൽ നിന്നു നീക്കം ചെയ്തു. പക്ഷേ, ഔദ്യോഗികനീരസങ്ങളുടേയും അപവാദങ്ങളുടേയും കാലഘട്ടത്തിനുശേഷം 1967-ൽ കാദറുടെ (Kader) നേതൃത്വത്തിലുള്ള പാർട്ടിയിൽ അദ്ദേഹത്തിനു വീണ്ടും പ്രവേശനം നൽകി. തന്റെ കൃതികൾ പ്രസിദ്ധപ്പെടുത്താൻ അദ്ദേഹത്തെ അനുവദിച്ചു. ജീവിതത്തിന്റെ അവസാന വർഷങ്ങളിൽ യുവകമ്മ്യൂണിസ്റ്റുകളുടെ മനസ്സിൽ നിന്നു സ്റ്റാലിനിസത്തിന്റെ അവശിഷ്ടങ്ങൾ തുത്തുമാറ്റുന്ന കാര്യത്തിൽ എന്നത്തെയുംപോലെ സജീവമായി ലൂക്കാച്ച് പ്രവർത്തിച്ചു. ഇന്നത്തെ നില മാറ്റിമറിച്ചു യഥാർത്ഥമായും മാനവികമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള വിപ്ലവാത്മകമാർഗ്ഗമായി മാർക്സിസത്തെ ഉയർത്തിപ്പിടിക്കാൻ അവരെ പഠിപ്പിക്കുന്നതിലും അദ്ദേഹം ഊർജ്ജസ്വലനായിരുന്നു.

ജീവചരിത്രാത്മകമായ ഈ ലഘുലേഖനം, ലൂക്കാച്ചിന്റെ ബഹുമുഖമായ സാഹിത്യപ്രവർത്തനങ്ങളെപ്പറ്റിയുള്ള പരമാർശങ്ങളുടെ അഭാവത്തിൽ അപൂർണ്ണമായിപ്പോകും. തോമസ്മാൻ, സെർവാന്റസ്, ഫ്ളാബേർ, ഗയ്ഥെ, ബൽസാക്ക്, ടോൾസ്റ്റോയ് എന്നിവരെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ പണ്ഡിതോചിതപഠനങ്ങൾ സവിശേഷമായ അനുസ്മരണം അർഹിക്കുന്നു. നാടകചരിത്രം (1908), സത്തയും രൂപവും (1911), ചരിത്ര നോവൽ (1936-37) ഒരു ബൂർഷ്വാമനുഷ്യനെ അന്വേഷിച്ച് (1945) മാർക്സിന്റേയും എംഗൽസിന്റേയും സൗന്ദര്യശാസ്ത്രപരമായ കൃതികൾക്കൊരു മുഖവുര (1945) ഗോയ്ഥേയും അദ്ദേഹത്തിന്റെ കാലഘട്ടവും (1947) റിയലിസത്തിന്റെ പ്രശ്നങ്ങൾ (1951) എക്സിസ്റ്റെൻഷ്യലിസമോ, മാർക്സിസമോ? (1948), ബൽസാക്കും ഫ്രഞ്ചുറിയലിസവും (1951) സൗന്ദര്യശാസ്ത്രചരിത്രത്തിലെ സംഭാവന (1951) സൗന്ദര്യാർത്ഥത്തിന്റെ വിശേഷാശയം (1966) തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ സാഹിത്യപരവും സൗന്ദര്യാത്മകവുമായ കൃതികൾ. തന്റെ അവിസ്മരണീയകൃതിയായ സൗന്ദര്യശാസ്ത്രം എന്ന കൃതിയുടെ ആദ്യവാല്യം എൺപതാം വയസ്സിൽ അദ്ദേഹം പൂർത്തിയാക്കി. ഉടൻതന്നെ നീതിശാസ്ത്രത്തെപ്പറ്റി, അതുപോലെ പ്രധാനമായ ഒരു ഗ്രന്ഥം രചിക്കാൻ തുടങ്ങി.

## 9 ലക്ഷ്യങ്ങളുടെ സ്വഭാവം

അദ്ദേഹത്തിന്റെ സാഹിത്യനിരൂപണകൃതികൾ ശുദ്ധമായും സാഹിത്യപരമോ ശുദ്ധമായും ചരിത്രപരമോ ആയിരുന്നില്ല. 1960-ൽ പ്രസിദ്ധപ്പെടുത്തിയ 'ചരിത്രനോവലിന്റെ' ഇംഗ്ലീഷ് പതിപ്പിനുള്ള മുഖവുരയിൽ അദ്ദേഹം എഴുതി: 'എന്റെ ലക്ഷ്യങ്ങളുടെ സ്വഭാവം സിദ്ധാന്തപരമായിരുന്നു. ചരിത്രസത്തയുടേയും ചരിത്രത്തിൽ സമഗ്രത ചിത്രീകരിക്കുന്ന സാഹിത്യശാഖകളുടെയും പരസ്പരമുള്ള ആഘാതസമ്മർദ്ദങ്ങളെ സിദ്ധാന്തപരമായി പരിശോധിക്കുകയെന്നതായിരുന്നു എന്റെ മനസ്സിലെ ഉദ്ദേശം.

കലാപരവും സാഹിത്യപരവുമായ പ്രവർത്തനങ്ങൾ ലൂക്കാച്ചിനെസംബന്ധിച്ചേടത്തോളം മനുഷ്യനിലെ മനുഷ്യത്വത്തെ അന്വേഷിക്കലായിരുന്നു. 'മനുഷ്യന്റെ അന്തർലോകവും ബഹിർലോകവും തമ്മിൽ ഒരാംഗികൈക്യം (organic unity) സൗന്ദര്യാത്മകമണ്ഡലത്തിന്റെ കേന്ദ്രരചനയായ കലാസൃഷ്ടി കരുപിടിപ്പിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നതോടെ ആ പദങ്ങൾ തമ്മിലുള്ള വൈരുദ്ധ്യമില്ലാതാകുന്നു; തൽഫലമായി മനുഷ്യത്വത്തിന്റേതായ ലോകം സൃഷ്ടിക്കപ്പെടുന്നു. അദ്ദേഹം എഴുതി.

അദ്ദേഹം മറ്റൊരിടത്തു പറയുന്നു:

> "മനുഷ്യന്റെ ഐന്ദ്രികജീവിതത്തിന്റെ ഭാഗമായി പ്രത്യക്ഷത്തിൽ തോന്നുന്ന മുഖംമൂടികളുണ്ടല്ലോ, അവ യഥാർത്ഥത്തിൽ അവന്റെ സ്വഭാവത്തെ വികൃതപ്പെടുത്തുകയത്രേ ചെയ്യുന്നത്. കലയ്ക്ക് ഈ മുഖംമൂടികളെ പറിച്ചെറിയാൻ കഴിയും. കലയ്ക്കു മനുഷ്യന്റെ യഥാർത്ഥ പ്രകൃതി പ്രകാശിപ്പിക്കാനും യുക്തിബോധവും അസ്തിത്വത്തിന്റെ ഏകഭാവവും വെളിവാക്കാനും കഴിയും". മാർക്സിന്റെ കൃതികൾ കൊളുത്തിയ വിപ്ലവാത്മകമായ മാനവതാവാദം (humanism) അദ്ദേഹം എഴുതിയ എന്തിലും കലർന്നിരുന്നു. സാഹിത്യനിരൂപണമോ, സൗന്ദര്യശാസ്ത്രമോ, സാമൂഹ്യശാസ്ത്രമോ, രാഷ്ട്രതന്ത്രമോ എന്തായാലും, അതുകൊണ്ടാണ് സ്റ്റാലിനിസ്റ്റ് ബ്യൂറോക്രാറ്റുകളും വിഭാഗീയസിദ്ധാന്തവാദികളും ലൂക്കാച്ചിനെ വെറുക്കുന്നത്. അവരുടെ നോട്ടത്തിൽ മാനവതാവാദം ഒരു ബൂർഷ്വാചിന്താഗതിയാണ്. ഫ്രഞ്ചുകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുള്ളിലെ ഇടതുപക്ഷ ഗ്രൂപ്പിനു ബുദ്ധിപരമായ നേതൃത്വം നൽകുന്നതിലൊരാളായ ലൂയി ആൾത്തൂർ (Louis Althusser) അന്യതാവൽക്കരണത്തേയും മാനവികതാവാദത്തേയും പറ്റിയുള്ള മാർക്സിന്റെ സമാലോചനകളെ വിമർശിച്ചുകൊണ്ട്, 'മാർക്സിനുവേണ്ടി' (for Marx) എന്ന ഗ്രന്ഥത്തിൽ ഇങ്ങിനെ എഴുതി:

"വർഗ്ഗനിഷ്ഠമായ മാനവതാവാദം (Class humanism) മാർക്സിന്റെ ആദ്യകാലകൃതികളിൽ സ്വീകരിച്ചിട്ടുള്ള അർത്ഥത്തിലല്ല ഞാൻ ഉപയോഗിക്കുന്നത്. കൃതികളിൽ തൊഴിലാളിവർഗ്ഗം അതിന്റെ അന്യതാഭാവത്തിലൂടെ മാനവസത്തയെത്തന്നെ പ്രതിനിധാനം ചെയ്യുന്നു. ആ സത്തയ്ക്കു സാക്ഷാൽക്കാരമുണ്ടാകുമെന്ന് വിപ്ലവം ഉറപ്പുകൊടുക്കുന്നു. തൊഴിലാളിവർഗ്ഗത്തെക്കുറിച്ചുള്ള 'മതപരമായ' ഈ സങ്കൽപം 'ചരിത്രവും വർഗ്ഗബോധവും' എന്ന കൃതിയിൽ ലൂക്കാച്ച് തന്റെ യൗവനത്തിൽ സ്വീകരിച്ചു.

ലൂക്കാച്ച് നമ്മിൽനിന്നും എന്നെന്നേയ്ക്കുമായി വേർപിരിഞ്ഞു. പക്ഷേ, ആ യുദ്ധം തുടരുന്നു. ലോകകമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിനുള്ളിലുള്ള രണ്ടു പ്രവണതകൾ തമ്മിലുള്ള സമരത്തിന്റെ അന്തിമഫലം എന്തായിരിക്കും? ഏതു വിജയിക്കും? മാർക്സിസമോ സ്റ്റാലിനിസമോ? മാനവതാവാദമോ? ഉദ്യോഗസ്ഥ മേധാവിത്വപരമായ യാഥാസ്ഥിതികവാദമോ (Bureaucratic statism) ലൂക്കാച്ചിന് ആദരാഞ്ജലികളർപ്പിക്കുന്ന ഈ ലേഖകൻ വിശ്വസിക്കുന്നു, മാർക്സിസം അന്തിമമായി വിജയം പ്രാപിക്കുമെന്ന്, എന്തെന്നാൽ മാർക്സിസം സത്യമാണ്.

സെപ്റ്റംബർ 1971.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 10

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ലെനിനും ഭരണകൂടത്തെപ്പറ്റിയുള്ള സിദ്ധാന്തവും
2. മാർക്സിസവും വർഗ്ഗസമരവും
3. മാർക്സിസവും മതവും
4. ചരിത്രപരമായ ഭൗതികവാദം
5. ലക്ഷ്യങ്ങളും മാർഗങ്ങളും
6. സോഷ്യലിസ്റ്റ് രാജ്യം അക്രമിയാവുമോ?
7. കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം കൂടിയേ കഴിയൂ
8. നാഷണൽ കൗൺസിലിന്റെ തീരുമാനങ്ങൾ
9. ഇന്ത്യയെപ്പറ്റിയുള്ള ചൈനയുടെ വിശകലനം
10. ഒരു ഇന്ത്യൻ കമ്യൂണിസ്റ്റിന്റെ ഓർമക്കുറിപ്പ്
11. ശ്രീശങ്കരൻ ഹെഗൽ മാർക്സ്
12. വർഗ്ഗീയത ഭൂതകാലത്തിന്റെ പൈതൃകം
13. ജോർജ്ജ് ലൂക്കാച്ച്
14. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
15. രാഹുൽജി
16. ശ്രീനാരായണഗുരു


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014